(ഡി) ഇവർ ഡ്യൂട്ടി ലഭിച്ചില്ലായെന്ന് പരാതിപ്പെട്ടതുമുതൽ നിയമനവും അർഹമായ സീനിയോറിറ്റിയും നൽകി ശമ്പളം നൽകാൻ ഉത്തരവുണ്ടാകുമോ?

ഉത്തരം

(എ) പി.എസ്.സി. ശുപാർശ ചെയ്ത 47 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉൾപ്പെട്ടിരുന്നു.

(സി) പരാതി ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ ഉത്തരവിൽ ഉൾപ്പെട്ട 47 പേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഡി) ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഡ്യൂട്ടിയായി പരിഗണിച്ച് അർഹമായ ശമ്പളം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മഞ്ചേരി പയ്യനാട് താലൂക്ക് ഹോമിയോ ആശുപത്രിയിൽ സൂപ്രണ്ടിന്റെ പോസ്റ്റ്

66 [1768] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാട് താലൂക്ക് ഹോമിയോ ആശുപത്രിയിൽ സൂപ്രണ്ടിന്റെ പോസ്റ്റ് നിലവിലുണ്ടോ;

(ബി) മലബാർ ഭാഗത്ത് താലൂക്ക് ഹോമിയോ ആശുപത്രികളിൽ സൂപ്രണ്ടിന്റെ പോസ്റ്റ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) മലബാറിലെ താലൂക്ക് ഹോമിയോ ആശുപത്രികളിൽ ഈ പോസ്റ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. ഹോമിയോ ആശുപത്രികളിൽ മുപ്പതിനുമുകളിൽ കിടക്കകളുള്ള ആശുപത്രികളിൽ മാത്രമാണ് സൂപ്രണ്ടിന്റെ തസ്തിക അനുവദിച്ചിട്ടുള്ളത്. മലബാർ ഭാഗത്തെ ആശുപത്രികളിൽ ഇരുപത്തിയഞ്ച് കിടക്കകൾ മാത്രമാണ് ഉള്ളത്.

(സി) മലബാർ മേഖലയിലെ കണ്ണൂർ, മഞ്ചേരി, ഹോമിയോ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം, നിലവിലുള്ള ഇരുപത്തി അഞ്ചിൽ നിന്ന് മുപ്പത്തിയഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ആയി ഉയർത്തുന്നതിനും സൂപ്രണ്ടിന്റേതുൾപ്പെടെ മൂന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

വെളിച്ചെണ്ണയിലെ മായം ചേർക്കൽ തടയാൻ നടപടി

67 [1772] *ശ്രീ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി വെളിച്ചെണ്ണയിൽ മായം ചേർത്ത് വില്പന നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മായം ചേർക്കുവാൻ ഉപയോഗിക്കുന്ന വസ്തുക്കൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച എത്ര പരാതികൾ 2003 ജനുവരി മുതൽ 2005 ജൂൺ 30 വരെ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) മായം ചേർക്കൽ തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; 2003, 2004 കലണ്ടർ വർഷങ്ങളിലും 2005 ജൂൺ 30-ാം തീയതി വരെയും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ കണ്ടെത്തിയെന്നും അവയ്ക്കുമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഇ) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നത് വെളിച്ചെണ്ണ വിപണിയെ എപ്രകാരം ബാധിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാരഫിൻ വാക്സ്, മിനറൽ ഓയിൽ, വിലകുറഞ്ഞ എണ്ണ മുതലായവയാണ് ഉപയോഗിക്കുന്നത്.

(സി) 2003 ജനുവരി മുതൽ 2005 ജൂൺ വരെയുള്ള കാലയളവിൽ പത്രവാർത്തകൾ ഉൾപ്പെടെ 18 പരാതികൾ ലഭിക്കുകയുണ്ടായി. ഇതിൻമേൽ നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെ മൊബൈൽ വിജിലൻസ് സ്ക്വാഡ്, ചീഫ് ഫുഡ് ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കുകയും അവർ അന്വേഷണം നടത്തി സാമ്പിളുകൾ എടുത്ത് അതാത് ലബോറട്ടറികളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2003 കലണ്ടർ വർഷത്തിൽ സംസ്ഥാനത്ത് ആകെ 1044 വെളിച്ചെണ്ണ പി.എഫ്.എ. സാമ്പിളുകൾ പരിശോധന നടത്തിയപ്പോൾ 40 സാമ്പിളുകളിലും

LIBRARY ARCHIVES Kerala Legislative Assembly